"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

പൊതു വിദ്യാഭ്യാസം - ഭാരത് സേവക് സമാജ് നടത്തുന്ന ഒരു വർഷ ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ എയ്ഡഡ് ഫാഷൻ ഡിസൈനിങ് പ്രോഗ്രാം എന്ന കോഴ്സ് സ്വീയിങ്/ ക്രാഫ്റ്റ് ടീച്ചർ നിയമനത്തിനുള്ള യോഗ്യതയായി നിശ്ചയിച്ച ഉത്തരവ് റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതു വിദ്യാഭ്യാസ (ജെഎ) വകുപ്പ്

**സ.ഉ.(കൈ) നം.37/2024/GEDN** തീയതി,തിരുവനന്തപുരം, **31-03-2024**

---

പരാമർശം:-
1. **25.02.2020** ലെ സ.ഉ.(കൈ)നം.**83/2020**/പൊ.വി.വ നമ്പർ ഉത്തരവ്.
2. **13.12.2021** ലെ കളമശ്ശേരി സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്ക്നിക്കൽ ടീച്ചേഴ്സ് ട്രെയിനിംഗ് & റിസർച്ച് ജോയിന്റ് ഡയറക്ടറുടെ എ**1/981/2020** നമ്പർ കത്ത്.
3. **18.01.2022** ലെ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ **C3/30371/20**/ഡിടിഇ നമ്പർ കത്ത്
4. **27.09.2023** ലെ എസ്.സി.ഇ.ആർ.ടി ഡയറക്ടറുടെ **Prog2/1923/2023/SCERT (L.Dis)** നമ്പർ കത്ത്.

## ഉത്തരവ്

പരാമർശം (1) ഉത്തരവ് പ്രകാരം ഭാരത് സേവക് സമാജ് നടത്തുന്ന ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ എയ്ഡഡ് ഡിസൈനിംഗ് കോഴ്സ്, സ്വീയിങ് / ക്രാഫ്റ്റ് ടീച്ചർ തസ്തികയിലേക്കുള്ള യോഗ്യതയായി നിശ്ചയിച്ച് ഉത്തരവായിരുന്നു.

പരാമർശം (2) കത്ത് പ്രകാരം ഭാരത് സേവക് സമാജിന്റെ വെബ്സൈറ്റിൽ കമ്പ്യൂട്ടർ എയ്ഡഡ് ഡിസൈനിങ് എന്ന പേരിൽ ഒരു

കോഴ്സും നടത്തുന്നില്ലെന്നും പകരം കമ്പ്യൂട്ടർ എയ്ഡഡ് ഫാഷൻ ഡിസൈനിങ് എന്ന കോഴ്സാണ് നടത്തുന്നതെന്നും ഭാരത് സേവക് സമാജ് നടത്തുന്ന കോഴ്സിന്റെ നടത്തിപ്പ്, ഫലനിർണ്ണയം, സർട്ടിഫിക്കറ്റ് വിതരണം എന്നിവയെല്ലാം നടത്തുന്നത് ആ സ്ഥാപനമാണെന്നും ഒരു മൂന്നാം കക്ഷിയുടെ വെരിഫിക്കേഷൻ പോലും നടക്കുന്നില്ലായെന്നും കളമശ്ശേരി സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്ക്നിക്കൽ ടീച്ചേഴ്സ് ട്രെയിനിംഗ് & റിസർച്ച് ജോയിന്റ് ഡയറക്ടർ അറിയിച്ചതിന്റെ അടിസ്ഥനത്തിൽ ഭാരത് സേവക് സമാജ് നടത്തുന്ന ഒരു വർഷ ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ എയ്ഡഡ് ഫാഷൻ ഡിസൈനിങ് പ്രോഗ്രാം എന്ന കോഴ്സ് സ്വീയിങ്/ ക്രാഫ്റ്റ് ടീച്ചർ നിയമനത്തിന് പരിഗണിക്കാൻ യോഗ്യമല്ലായെന്ന് പരാമർശം (3) കത്ത് പ്രകാരം സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മേൽപ്പറഞ്ഞവ കണക്കിലെടുത്ത് ഭാരത് സേവക് സമാജ് നടത്തുന്ന കോഴ്സ്, സ്കൂളുകളിലെ സ്വീയിങ്/ക്രാഫ്റ്റ് ടീച്ചർ നിയമനത്തിന് പരിഗണിക്കാവുന്നതാണെന്നുള്ള ഉത്തരവ് പുനഃപരിശോധിച്ച് പ്രസ്തുത ഉത്തരവ് റദ്ദ് ചെയ്യുവാനുള്ള നടപടികൾ കൈക്കൊള്ളണമെന്നും സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ അപേക്ഷിച്ചിട്ടുണ്ട്.

മേൽ വിഷയത്തിൽ പരാമർശം (4) പ്രകാരം എസ്.സി.ഇ.ആർ.ടി ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം 10.07.2023 ൽ കൂടിയ ഇക്വലൻസി സ്റ്റാന്റിംഗ് കമ്മിറ്റി സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ ടീച്ചേഴ്സ് ട്രെയിനിംഗ് ആന്റ് റിസർച്ച്, കളമശ്ശേരി എന്ന സ്ഥാപനം ഭാരത് സേവക് സമാജം നടത്തുന്ന കമ്പ്യൂട്ടർ എയ്ഡഡ് ഫാഷൻ ഡിസൈനിംഗ് എന്ന കോഴ്സിന്റെ ആധികാരികത സംബന്ധിച്ച് വിശദമായ പഠനം നടത്തി സമർപ്പിച്ച റിപ്പോർട്ട് വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഭാരത് സേവക് സമാജ് നടത്തുന്ന മേൽ സൂചിപ്പിച്ചിട്ടുള്ള കോഴ്സിന് ക്രാഫ്റ്റ്, സ്വീയിംഗ് ടീച്ചർ തസ്തികയിലേയ്ക്കുള്ള യോഗ്യതയായി പരിഗണിക്കാൻ സാധിക്കില്ലായെന്നും ഇതുമായി ബന്ധപ്പെട്ട നിലവിലുള്ള സർക്കാർ ഉത്തരവ് റദ്ദു ചെയ്യാൻ പൊതുവിദ്യാഭ്യാസ വകുപ്പിനോട് ശുപാർശ ചെയ്യുവാനും കമ്മിറ്റി തീരുമാനിച്ചതായി അറിയിച്ചിട്ടുണ്ട്. ആയതിനാൽ പ്രസ്തുത കോഴ്സിന് നൽകിയിട്ടുള്ള അംഗീകാരം

റദ്ദു ചെയ്യാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്നും ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെയും, SCERT ഡയറക്ടറുടെയും റിപ്പോർട്ടിന്റെ അടിസ്ഥനത്തിൽ ഭാരത് സേവക് സമാജ് നടത്തുന്ന ഒരു വർഷ ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ എയ്ഡഡ് ഫാഷൻ ഡിസൈനിങ് പ്രോഗ്രാം എന്ന കോഴ്സ് സ്വീയിങ്/ ക്രാഫ്റ്റ് ടീച്ചർ നിയമനത്തിനുള്ള യോഗ്യതയായി നിശ്ചയിച്ച് പൊതു വിദ്യാഭ്യാസ വകുപ്പ് പുറപ്പെടുവിച്ച പരാമർശം (1) ഉത്തരവ് റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

മീനാംബിക എം.ഐ

ജോയിന്റ് സെക്രട്ടറി

1. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം ( ആമുഖ കത്ത് സഹിതം)
2. പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
3. ഡയറക്ടർ, സാങ്കേതിക വിദ്യാഭ്യാസം, തിരുവനന്തപുരം
4. ഡയറക്ടർ, എസ്. സി. ഇ. ആർ, ടി, തിരുവനന്തപുരം
5. പ്രിൻസിപ്പൽ അക്കണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
6. അക്കണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
7. പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
8.ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, തിരുവനന്തപുരം
9. പൊതു വിദ്യാഭ്യാസ (ജെആർ) വകുപ്പ്
10. കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Jiju T
Date: 02-04-2024 11:26:04

പകർപ്പ് :

ബഹു. പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

പൊതു വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പിഎക്ക്

ജോയിന്റ് സെക്രട്ടറിയുടെ സിഎക്ക്